# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 173 07.03.2017- ൽ മറുപടിയ്ക്ക്

### പ്രവാസി ക്ഷേമ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. കെ.ദാസൻ<br>ശ്രീ. കാരാട്ട് റസാഖ് | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| എ) ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | എ) ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). കൂടാതെ ചെറുകിട സംരംഭങ്ങൾ തുടങ്ങാനോ, സ്വയം തൊഴിൽ കണ്ടെത്താനോ സജ്ജരാക്കുന്ന വിധത്തിൽ പ്രത്യേക മേഖലകളിൽ തൊഴിൽ വൈദഗ്ധ്യം നല്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) നോർക്കയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതു തരത്തിലുള്ള സേവനങ്ങളാണ് ഉദ്ദേശിക്കുന്നത് ; | ബി) ഉദ്ദേശിക്കുന്നുണ്ട്.<br>ഇതിന്റെ ഭാഗമായി നിലവിലുള്ള പദ്ധതികൾക്ക് പുറമെ താഴെ പറയുന്ന പുതിയ പദ്ധതികൾ ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ്.<br>1. ഓൺലൈൻ രജിസ്ട്രേഷൻ സിസ്റ്റം<br>2. ലോക കേരള സഭ<br>3. ഗ്ലോബൽ കേരള കൾച്ചർ ഫെസ്റ്റിവൽ<br>4. തിരികെയെത്തിയ പ്രവാസികളെക്കുറിച്ചുള്ള പ്രത്യേക പഠനം |

| | | | |
|---|---|---|---|
| | | | 5.വിമാനത്താവളത്തിലെ അത്യാഹിത ആംബുലൻസ് സേവനം.<br><br>മുകളിൽ പറഞ്ഞ 5 പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| സി) | പ്രവാസി നിക്ഷേപ ബോർഡിന്റെ പ്രവർത്തനം കൊണ്ട് ലക്ഷ്യമാക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ; | സി) | പ്രവാസി നിക്ഷേപ ബോർഡ് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമൊന്നും ആയിട്ടില്ല. |
| ഡി) | ഓഡെപെകിനെ ശാക്തീകരിച്ച് വിദേശ തൊഴിൽ ലഭ്യമാക്കാനുള്ള അവസരം വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകുമോ ? | ഡി) | ഒഡെപെക് മുഖേന ഗൾഫ് രാജ്യങ്ങളിലേക്കുള്ള നഴ്സമാരുടെ റിക്രൂട്ട്മെന്റിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതു കൂടാതെ അയർലന്റ്, യുണൈറ്റഡ് കിംഗ്ഡം തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലേക്കും റിക്രൂട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്.<br>നഴ്സിംഗ് റിക്രൂട്ട്മെന്റ് കൂട്ടുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നതിനോടൊപ്പം മറ്റ് മേഖലകളിലേക്കുള്ള റിക്രൂട്ട്മെന്റും ശ്രദ്ധിക്കുന്നതാണ്. ഒഡെപെകിന്റെ ജോബ് പോർട്ടൽ വികസിപ്പിക്കുന്നതിനായി കെൽട്രോണുമായുള്ള ചർച്ചകൾ പുരോഗമിച്ചു വരുന്നു. തൊഴിലന്വേഷകരുടെ രജിസ്ട്രേഷൻ മുതൽ അവരുടെ ഇന്റർവ്യൂ, അറ്റസ്റ്റേഷൻ, വിസ സ്റ്റാമ്പിംഗ്, എമിഗ്രേഷൻ ക്ലിയറൻസ് എന്നിങ്ങനെ തെരെഞ്ഞെടുക്കപ്പെട്ട വ്യക്തി വിദേശത്ത് തൊഴിലിൽ പ്രവേശിക്കുന്നതുവരെയുള്ള എല്ലാ നടപടികളും രേഖപ്പെടുത്തുന്നതിനും, ആവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ളതാവും പുതിയ ജോബ് പോർട്ടൽ. തൊഴിൽ ദാതാവിന്റെ വിവരങ്ങളും കൂടി രേഖപ്പെടുത്താനുള്ള സൗകര്യം ജോബ് പോർട്ടലിൽ ഉൾപ്പെടുത്തുന്നുണ്ട് |

ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ മാനവവിഭവശേഷി സംബന്ധിച്ചുള്ള വിവരങ്ങൾ വിദേശ രാജ്യങ്ങളിലെ തൊഴിൽ ദാതാക്കളെ അറിയിക്കുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിനുമായി വിവിധ രാജ്യങ്ങളിലെ ആരോഗ്യ/തൊഴിൽ മന്ത്രിമാർ, എംബസ്സി ഉദ്യോഗസ്ഥർ, വിവിധ തൊഴിൽ ദാതാക്കൾ എന്നിവരുമായി കൂടിക്കാഴ്ച്ചകൾ നടത്തുവാനും ഒഡെപെക് ആലോചിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**